**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1724** **12-09-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്കുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ കാർഷികമേഖലയുടെ സമഗ്ര പുരോഗതിക്കായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | **കുട്ടനാട്ടിലെ കാർഷികമേഖലയുടെ സമഗ്ര പുരോഗതിക്കായി 2023-24 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 1700 ലക്ഷം രൂപയ്ക്ക് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും പെട്ടിയും പറയും മാറ്റി വി എ എഫ് പമ്പുകൾ സ്ഥാപിക്കുന്നതിനും പി എം കുസും പദ്ധതിയ്ക്ക് വേണ്ടിയുള്ള അധിക സബ്സിഡിയും വാർഷിക പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.** |
| (ബി) | പ്രകൃതിദുരന്തങ്ങളും മഹാമാരികളും നാശം വിതയ്ക്കുന്ന സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന്, പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും, സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം നൽകി വരുന്നു.<br><br>വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾ പൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും, മടകളുടെ പുനർ നിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ലഭ്യമാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | വിള ഇൻഷുറൻസ് ഉൾപ്പെടെ കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | നടപ്പ സാമ്പത്തിക വർഷത്തിൽ വിള ഇൻഷുറൻസ് പദ്ധതിക്കായി 3000 ലക്ഷം രൂപയും പ്രകൃതിക്ഷോഭം പദ്ധതിക്കായി 750 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ എയിംസ് പോർട്ടൽ മുഖേന കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കുട്ടനാട്ടിലെ കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വർഷാവർഷം കുട്ടനാട്ടിൽ കാർഷിക സമ്മേളനങ്ങൾ സർക്കാർ തലത്തിൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | കേരള സർക്കാരിന്റെ രണ്ടാം നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കുട്ടനാടിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി കുട്ടനാട് ഏകോപന വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ